**ഇന്ത്യയും ബ്രസീലും തമ്മിലുള്ള പ്രഥമ ഉഭയകക്ഷി കോൺസുലാർ ചർച്ച ബ്രസീലിയയിൽ നടന്നു ( ജൂലൈ 20-21, 2015 )**

ജൂലൈ 23, 2015

ഇന്ത്യയും ബ്രസീലും തമ്മിലുള്ള ഉഭയകക്ഷി ചർച്ചകൾ ജൂലൈ 20 നു ബ്രസീലിയയിൽ നടന്നു. ചർച്ചയിൽ ബ്രസീലിന്റെ ആദരണീയനായ ജനറൽ പൊളിറ്റിക്കൽ II, അണ്ടർ സെക്രട്ടറി ശ്രീ ജോസ് ആൽഫ്രെഡോ ഗ്രാസാ ലിമയും ഇന്ത്യയുടെ ആദരണീയനായ സെക്രട്ടറി ജനറൽ അമേരിക്കാസ്, കോൺസുലാർ ,പാസ്പോർട്ട് -വിസ, ശ്രീ ആർ സ്വാമിനാഥനും പങ്കെടുത്തു. ഉഭയകക്ഷി, മേഖലാ , ബഹുമുഖ വിഷയങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ മേഖലയും അവർ പൂർണമായി ചർച്ച ചെയ്തു. യുഫയിൽ അടുത്തയിടെ അവസാനിച്ച ബ്രിക്സ് ഉച്ചകോടിയിൽ ഉഭയകക്ഷി, ബഹുമുഖ സഹകരണത്തിന് വേണ്ടി പ്രധാനമന്ത്രി നരേന്ദ്ര മോഡിയും പ്രസിഡണ്ട് ദിൽമ റൂസുഫും നല്കിയ നിർദേശങ്ങൾ മുൻഗണന ക്രമത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടി എടുത്തു. രാജ്യാന്തര വ്യാപാരം, വയവസായം , കൃഷി, പരിസ്ഥിതി, ആണവോർജം സമാധാന പ്രക്രിയക്കു , സ്പേസ്, പ്രതിരോധം , പാരംപര്യ മരുന്നുകൾ , വിദ്യാഭ്യാസം, സംസ്ക്കാരം, സൈബർ സെക്യൂരിറ്റി എന്നിവ സഹകരണത്തിനുള്ള പ്രധാന മേഖലകൾ ആയി ഉൾപ്പെടുത്തി. ജി-4 നുള്ളിൽ ഐക്യരാഷ്ട്ര സുരക്ഷാ കൌൺസിൽ പരിഷ്കാരത്തിനുള്ള ശ്രമങ്ങൾ ഏകോപിപ്പിക്കാമെന്ന് ഇരു ഭാഗവും തീരുമാനിച്ചു : കാലാവസ്ഥാ വ്യതിയാനത്തിൽ ബേസിക്കിലും ഐബിഎസ്എ വീണ്ടും സജീവമാക്കുന്നതിനും കൂടുതൽ അടുത്തു പ്രവർത്തിക്കാമെന്ന് ഇരു വിഭാഗവും തീരുമാനിച്ചു.

ആദരണീയനായ ശ്രീ ആർ സ്വാമിനാഥൻ ബ്രസീൽ വിദേശകാര്യ ബന്ധങ്ങളുടെ മന്ത്രി ആദരണീയനായ ശ്രീ മൌരോ

വിയെയിരയുമായി ജൂലൈ 20നു കൂടിക്കാഴ്ച നടത്തുകയും അടുത്ത സംയുക്ത സമിതി യോഗത്തിന് ഇന്ത്യ സന്ദർശിക്കുവാൻ ഇന്ത്യയുടെ ആദരണീയയായ വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജിന്റെ ക്ഷണം അറിയിക്കുകയും ചെയ്തു. ക്ഷണം ബ്രസീലിന്റെ വിദേശകാര്യ മന്ത്രി സന്തോഷപൂർവം സ്വീകരിച്ചു. അടുത്തു തന്നെ ബ്രസീലിലെ പ്രതിരോധ , കൃഷി മന്ത്രിമാർ ഇന്ത്യ സന്ദർശിക്കുമെന്ന് പ്രതീക്ഷിക്കുന്നു .

ജൂലൈ 21നു ആദരണീയനായ ശ്രീ ആർ സ്വാമിനാഥൻ , ബ്രസേലിയൻ കമ്മ്യൂണിറ്റീസ് ഓവർസീസ് അണ്ടർ സെക്രട്ടറി ജനറൽ , ആദരണീയനായ സ്ഥാനപതി കാർലോസ് ആൽബെർട്ടോ സീമാസ് മഗലേസുമായി കോൺസുലാർ ചർച്ചകൾ നടത്തി. ഇന്ത്യയും ബ്രസീലും തമ്മിലുള്ള എക്സ്ട്രഡീഷൻ കരാർ സാധുവാക്കുന്നതിനുള്ള സാധ്യതകൾ ഇന്ത്യയും ബ്രസീലും തമ്മിൽ പരസ്പരം യോഗത്തിൽ പങ്ക് വച്ചു

ന്യൂഡെൽഹി
ജൂലൈ 23, 2015